CHURCH WEEKLY

March 2023



An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 77
Issue 3
March 2023

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

77st Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

Inside India		
Single Issue	₹	15.00
Annual	₹	150.00
10 years	₹	1,500.00
Life (Patron)	₹	10,000.00
Outside India		
Annual		USD 10
10 years		USD 100
Life (Patron)		USD 1,000

Bank of India - UC College Branch
A/c No. : 85661010002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്വചനം

Do you wish your prayer to fly toward God? Make for it two wings: fasting and almsgiving."

- St. Augustine



ഈ ലക്കത്തിൽ

MID-LENT MEDITATION

As in the earlier years, mid-lent meditation is arranged **at 5 PM on Saturday, 11th March 2023** at the M. Thommen Hall. **Rev. Dr. Jacob Thomas, retired Professor of the Union Biblical Seminary, Pune** will be leading the session. All residents and friends of the Fellowship House are cordially invited.

EASTER-EVE PRAYER

Special Prayer Meeting is arranged **at 5 PM on Saturday, 8th April, 2023** at the M. Thommen Hall. **Rev. Biju K. George, Vicar, Marthoma Church, Kalamassery** will lead the session. The devotional music session will be led by Sri. Jacob Chirayil. All residents and friends of the Fellowship House are cordially invited.

ആവശ്യമുണ്ട്

ആലുവാ ഫെലോഷിപ്പ് ഹൗസിൽ താമസിച്ച് ഇവിടത്തെ അടുക്കള ജോലിയിൽ സഹായിക്കുന്നതിനായി 50 വയസ്സിൽ താഴെ പ്രായമുള്ള ഒരു സ്ത്രീയെ ആവശ്യമുണ്ട്. പാചകം അറിവുള്ള ആളായിരിക്കണം.

താൽപര്യമുള്ളവർ ബന്ധപ്പെടുക:

ശ്രീ. കെ.ഒ. ഏലിയാസ് – 9446718234,
സോയാ അജി മർക്കോസ് – 9142111992

To our beloved readers

As you know, the financial year 2022-23 is coming to a close and all accounts are to be finalized. Please send your subscriptions at the earliest. We thank you all for your valuable co-operation and support.


(Subscription rates on page-2)

പ്രിയ വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഈ സാമ്പത്തിക വർഷം അവസാനിക്കുകയാണെന്ന് അറിയാമല്ലോ. ദയവായി എത്രയും വേഗം വരിസംഖ്യ അയച്ചു തന്നാൽ ഉപകാരമായിരുന്നു. നിങ്ങൾ നൽകിവരുന്ന പിന്തുണയ്ക്കും സഹകരണത്തിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

(വരിസംഖ്യ നിരക്കുകൾ: പേജ്–2)

ആദരാഞ്ജലികൾ



Dr. Philip Thomas (76)
Alummoottil Puthukkeril
Mavelipuram, Kakkanad
Ernakulam

DOD: 23.02.2023

(Resident of Chacko Homes, Alwaye Fellowship House)

● മുഖമൊഴി ●

ബജറ്റും ജനങ്ങളും

സാമ്പത്തികവർഷത്തിന്റെ അവസാനപാദത്തിൽ, അതായത് ജനുവരി മുതൽ മാർച്ച് വരെയുള്ള നാലാം ക്വാർട്ടറിൽ, ജനം ബജറ്റിനായി കാത്തിരിക്കുന്നു - കേന്ദ്രതലത്തിലും സംസ്ഥാനതല ത്തിലും. സാന്റാക്ലോസിനെപ്പോലെ കടന്നുവന്ന് ആനുകൂല്യങ്ങളുടെ പെരുമഴ ചൊരിഞ്ഞ് ജിംഗിൾ ബെൽസ് പാടി നമ്മെ ആനന്ദനൃത്തം ചെയ്യിക്കുന്ന ഒരു ബജറ്റിനുവേണ്ടി കാത്തിരിക്കുന്ന നാം കേന്ദ്ര-സംസ്ഥാന ബജറ്റുകൾ വന്നുകഴിയുമ്പോൾ 'ഇടിവെട്ടിയവനെ പാമ്പുകടിച്ച' അവസ്ഥയി ലാകും! ഗുണദോഷങ്ങൾ വിവേചിക്കാതെ രാഷ്ട്രീയകാരണങ്ങൾ മുൻനിർത്തി പ്രതിപക്ഷം ബജ റ്റുകളെ 'ജനദ്രോഹപരം' എന്നു പറഞ്ഞിരുന്നുവെങ്കിൽ ഇന്ന് പൊതുജനം പറയാതെ പറയു ന്നതും അതുതന്നെ. ആരോടും പറഞ്ഞിട്ടു കാര്യമില്ല എന്ന ഉൾബോധംകൊണ്ട് ജനം നിസ്സംഗ രായും നിശ്ശബ്ദരായും ഇരിക്കുന്നുവെന്നു മാത്രം!

ഭാരതം സ്വതന്ത്രമായതിനുശേഷമുള്ള ആദ്യവർഷങ്ങളിൽ പഞ്ചവത്സരപദ്ധതി എന്നൊന്നു ണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ സാധാരണഗതിയിൽ അഞ്ചു വർഷം ഭരിക്കു മെന്ന ധാരണയിൽ അഞ്ചു വർഷത്തേക്കുള്ള വിശാല കാഴ്ചപ്പാടോടെ വികസനപദ്ധതികൾ തയ്യാറാക്കുന്നതിനാണ് പഞ്ചവത്സര പദ്ധതി എന്നു പറഞ്ഞിരുന്നത്. അത് അഞ്ചു വർഷത്തേ ക്കുള്ള സാമ്പത്തികനയപ്രഖ്യാപനം തന്നെ ആയിരുന്നു. അതിന്റെ വെളിച്ചത്തിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തങ്ങളുടെ സാമ്പത്തിക തീരുമാനങ്ങൾ എടുക്കാനും കഴിഞ്ഞിരുന്നു. എന്നാ ലിന്ന്, അന്നന്നത്തെ അപ്പത്തിനുള്ള തട്ടിക്കൂട്ടു ബജറ്റുകളാണ് കാണുന്നത്. സമർത്ഥമായ പ്രതി പാദനത്തിലൂടെ സാമാന്യജനത്തെ കബളിപ്പിക്കാനുള്ള ഉപകരണമായി ബജറ്റ് അധഃപതിക്കു ന്നത് ശരിയല്ല.

ഒരുദാഹരണം, ആദായനികുതിനിയമത്തിൽ ചില പുതിയ നിരക്കുകൾ വലിയ പരിഷ്കാര മെന്ന നിലയിൽ കൊണ്ടുവന്നിട്ടുണ്ട്. നാളിതുവരെ നാം പരമാവധി പണം പ്രത്യേക നിക്ഷേപ ങ്ങളിൽ ഇടണമെന്നും അതിന് ആദായനികുതി ഒഴിവു ലഭിക്കുമെന്നും പറഞ്ഞിരുന്നു. അതു വിശ്വസിച്ച് തങ്ങളുടെ സമ്പാദ്യങ്ങൾ നിക്ഷേപിച്ച ജനങ്ങളെ ഒരു ഒഴിവും നൽകാതെ വഞ്ചിക്കാ നുള്ള ഉപാധിയാണ് പുതിയ നിരക്കുകൾ. നിങ്ങളെ ആരും നിർബന്ധിക്കുന്നില്ല വേണമെങ്കിൽ എടുത്താൽ മതി, എന്നുറക്കെ പറയുമ്പോഴും അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഇതടിച്ചേൽപ്പി ക്കുവാനുള്ള അടിത്തറയാണിടുന്നതെന്ന് നിസ്സംശയം പറയാം.

മറ്റൊരു ജനദ്രോഹനടപടിയാണ് ജി.എസ്.ടി. എന്നറിയപ്പെടുന്ന ചരക്കുസേവന നികുതി. മറ്റുള്ളവരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സഹകരണത്തോടെ ചെയ്യുന്ന എല്ലാ കാര്യ ങ്ങൾക്കും, ഒരു സേവനവും ചെയ്യാതെ നോക്കിനിൽക്കുന്ന സർക്കാർ ബലമായി പിടിച്ചുവാങ്ങുന്ന നോക്കുകൂലിയാണ് 'സേവന നികുതി'. ഇത് കൂടുതൽ കൂടുതൽ രംഗങ്ങളിലേക്ക് വ്യാപിപ്പിച്ച് വരുമാനം കൂട്ടുവാൻ അഹോരാത്രം പരീക്ഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാർ അവർ ചെയ്യുന്ന ജനദ്രോഹം എന്തെന്നറിയുന്നില്ല; പക്ഷേ റിട്ടയർ ചെയ്ത് പുറത്തുവന്ന് സാധാരണജനത്തിന്റെ മദ്ധ്യത്തിൽ ജീവിക്കുമ്പോൾ അവരിൽ കുറേപ്പേരെങ്കിലും പെൻഷൻ തുക കെട്ടിപ്പിടിച്ച് ജീവിത ച്ചെലവിനെക്കുറിച്ചു വിലപിക്കുന്ന കാലം വിദൂരമല്ല. നമ്മുടെ മേൽ മനഃസാക്ഷിയില്ലാതെ ഭാര ങ്ങൾ കൂട്ടിക്കൂട്ടി വയ്ക്കുന്ന ജനപ്രതിനിധികളെ ഇതു കാര്യമായി ബാധിക്കാത്തതിനു കാരണം റിട്ടയർമെന്റില്ലാത്ത ജീവിതവും വല്ലവന്റെയും ചെലവിലുള്ള സുഖസൗകര്യങ്ങളും അവർക്കു വേണ്ടിയുള്ള പ്രത്യേക പെൻഷൻ പദ്ധതികളും ആയിരിക്കാം.

ഈ രാജ്യത്തെ നികുതിവ്യവസ്ഥയ്ക്ക് മാന്യത ഉണ്ടാകണമെങ്കിൽ വരുമാനം കുറയുന്ന വാർദ്ധക്യകാലത്ത് മുൻ നികുതിദായകരെ സംരക്ഷിക്കുവാനുള്ള, അതായത് ഒരു കാലത്ത് പിരിച്ചെടുത്തതിന്റെ ഒരു ചെറിയഭാഗമെങ്കിലും അവർക്കു മടക്കി നൽകുവാനുള്ള ക്ഷേമപദ്ധതികൾ ഉണ്ടാകണം. അതിനുള്ള ചിന്തപോലും തുടങ്ങിയിട്ടില്ല. ഭാരതത്തിൽ സ്വദേശീയമായ നാല് ഇൻഷുറൻസ് കമ്പനികളും ലൈഫ് ഇൻഷ്വറൻസ് കമ്പനിയും ഉള്ളപ്പോൾത്തന്നെ അനേക വിദേശ കമ്പനികളെ കൂട്ടുപിടിച്ച് പുതിയ കമ്പനികൾക്കു പ്രവർത്തനസൗകര്യം നൽകിയത് ലാഭവിഹിതം വിദേശത്തേക്കു കടത്താൻ വേണ്ടിയാണെന്ന് വിവരമുള്ളവർ പറയുന്നു. ഇൻഷ്വറൻസ് തുക ജനങ്ങളുടെ വരുമാനത്തിൽ നിന്നാണ് പോകുന്നത്. ഇതിനിടെ അഭിമാനിക്കാവുന്ന ഒരു പ്രസ്ഥാനം ഉള്ളത് ഇ.എസ്.ഐ. കോർപ്പറേഷനാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അതിനു കാരണം, താങ്ങാവുന്ന തുക മാത്രം കൈയിൽനിന്നടച്ചാൽ മതി എന്നുള്ളതാണ്.

ബജറ്റുകൾ വരുമ്പോൾ നമ്മുടെ അവകാശങ്ങൾക്കുവേണ്ടിയല്ല, സർക്കാരിന്റെ കാരുണ്യത്തിനുവേണ്ടി അഥവാ ഭിക്ഷയ്ക്കുവേണ്ടിയാണ് നാം കാത്തിരിക്കുന്നത്. ആദായനികുതിഭാരത്തിൽ കുറവുണ്ടോ എന്നു മാത്രമാണ് നാം തിരക്കുന്നത്. ഭീമൻ വ്യവസായികളെ സഹായിക്കാനുള്ള ഇതരവകുപ്പുകൾ നോക്കാൻ നമുക്കറിയില്ല. കൂടുതൽ അപകടം പതിയിരിക്കുന്നത് അവിടെയാണ്.

നമ്മുടെ പണംകൊണ്ടു ബാങ്കുകൾ വരുമാനമുണ്ടാക്കി ധൂർത്തടിക്കുമ്പോൾ നിക്ഷേപങ്ങൾക്ക് കുറഞ്ഞത് 10% പലിശ ഉറപ്പാക്കുവാൻ സർക്കാരിനു കഴിയുമോ? നമുക്കു തരുന്ന തുച്ഛമായ പലിശയിൽ നല്ല ഭാഗവും സർവ്വീസ് ചാർജ്ജുകൾ എന്ന പേരിൽ തിരിച്ചെടുക്കുന്നത് ഒഴിവാക്കുവാൻ സർക്കാർ നടപടി എടുക്കുമോ? നമുക്കു ലഭിക്കുന്ന ബാങ്ക് പലിശയ്ക്ക് സ്രോതസ്സിൽ പിടിച്ചെടുക്കുന്ന 10% ആദായനികുതി മതിയെന്നും മറ്റു വരുമാനങ്ങൾ ചേർത്ത് 30 ശതമാനം ഈടാക്കുകയില്ലെന്നും നിയമം കൊണ്ടുവരുമോ? വ്യവസായികൾ ഡിപ്രീസിയേഷൻ (മൂല്യശോഷണം) എന്ന പേരിൽ ആദായം കുറച്ചുകാണിക്കുമ്പോൾ ശമ്പളക്കാർക്കും പെൻഷൻകാർക്കും കൂടി ഡിപ്രീസിയേഷന്റെ ആനുകൂല്യം നൽകുവാൻ സർക്കാർ കനിയുമോ? അതോടൊപ്പം പുരോഗമനരാഷ്ട്രങ്ങളിലുള്ളതുപോലെ വാർദ്ധക്യകാല പെൻഷൻ സർക്കാരിന്റെ ഉത്തരവാദിത്തമായി ഏറ്റെടുക്കുമോ? ഇതൊരു സ്വപ്നമല്ല. ഇതൊക്കെ ആവശ്യമാണെന്നു വായനക്കാർക്കു സ്വയം ബോദ്ധ്യമില്ലെങ്കിൽ അന്യായ നികുതിഭാരത്തിലും ബാങ്കുകളുടെ ചൂഷണത്തിലും നമുക്കു ജീവിതം തുടരാം.

നല്ല നല്ല റോഡുകൾ, ഡിജിറ്റൽ ഇടപാടുകൾ, മെട്രോയാത്ര, മെഡിക്കൽ പുരോഗതി ഇതെല്ലാം നമ്മുടെ പണം കൊണ്ടുണ്ടായ നേട്ടങ്ങൾ ആണെന്ന് അഭിമാനം കൊള്ളുമ്പോഴും അതിന്റെ ഫലം അനുഭവിക്കുവാൻ നാം എത്രമാത്രം പണം ചെലവാക്കേണ്ടിവരുന്നു എന്നു കൂടി ചിന്തിക്കേണ്ടതാണ്. നമുക്ക് കൊടുക്കുന്നതിന് ഒരു പരിധിയില്ലേ? ബ്രിട്ടനിലെ Morton's fork എന്ന സാമ്പത്തിക തത്വം ഓർമ്മവരുന്നു - പണക്കാരൻ തന്റെ സമ്പത്തിൽനിന്നു കൊടുക്കട്ടെ; അവന് പിന്നെയും ഉണ്ടല്ലോ! പാവപ്പെട്ടവൻ ഉള്ളതിൽനിന്നു കൊടുക്കട്ടെ; അവൻ ഇപ്പോൾത്തന്നെ ദരിദ്രനാണല്ലോ!! ഈജിപ്തിലെ ഫറവോ രാജാക്കന്മാരെയും പ്രത്യേകം ഓർക്കുന്നു. യിസ്രായേൽജനത്തിന് വൈക്കോൽ നൽകാതെ, അവർ തന്നെ വൈക്കോൽ സംഘടിപ്പിച്ച് ഇഷ്ടിക ഉണ്ടാക്കിത്തരണമെന്നും എണ്ണത്തിൽ കുറവുവരാൻ പാടില്ലെന്നും കൽപ്പിച്ച ഫറവോ രാജാക്കന്മാർ !!! ഭാരതം സ്വാതന്ത്ര്യം പ്രാപിച്ച് വർഷങ്ങൾ 75 കഴിഞ്ഞിട്ടും നാം അടിമത്തത്തിൽ തുടരുന്നു - വിദേശികളുടെയല്ല; സ്വദേശികളുടെ, നാടൻ സായിപ്പന്മാരുടെ, ജനങ്ങളെ ഭക്ഷിക്കാനും മടിയില്ലാത്ത ഇദി അമീൻമാരുടെ! ഓർക്കാം: സത്യമേവ ജയതേ... വസുധൈവ കുടുംബകം... പരോപകാരാർത്ഥം ഇദം ശരീരം... തത്വമസി... വയറു പട്ടിണിയാണെങ്കിലും മനസ്സു നിറഞ്ഞു. ◎

Church Weekly
1951 April 1

Meditations on the face of Jesus
The Face of Agony

"And Jesus went forward a little, and fell on His Face, and prayed, saying: O My Father, if it be possible, let this cup pass from Me; nevertheless, not as I will, but as Thou wilt."

In St. Luke's Gospel, we read: "*And it came to pass, when the days were well nigh come that He should be received up Jesus steadfastly set His Face to go to Jerusalem*." These words supply the key-note of the whole of our Lord's life. The determination that was written upon His gracious countenance supplies the entire motive of His Incarnation. Always He kept steadily before His Face the purpose for which God His Father had sent Him into the world, and never for a moment did He turn aside.

Now let us take a glimpse at Jesus in the process of carrying out this design of His Heavenly Father. We see something of the cost of redemption, the Agony and the Bloody sweat, which Jesus the Sinless One endured for those whose redemption He came to accomplish. With determination He had set His Face like a flint to go to Jerusalem, knowing what lay before Him, and now on the night before the Crucifixion, we see Him in the Garden of Gethsemane, kneeling in the shade of the olive-trees; His Face uplifted to the skies.

Look at His Face, and see what is written thereon. It is a face of agony, agony of the soul. Sweat pours from Him, but it is a sweat of blood. Words, hardly uttered, fall from His lips and we seem to catch the murmur of "0 My Father."

He may be in agony, but His Father is very real to Him. His Father is with Him in His agony, as He had been with Him at Nazareth, as He had been with Him on His first visit to the Holy City; when at the age of twelve He became a ''Son of the Law," and sought to do His Father's business, by sitting at the feet of those who were qualified by their position to teach Him the way of God. That Father had never failed Him: He did not fail Him now, and even in the greater Trial of the Crucifixion to follow. He would be close at hand. So in this awful moment of the Agony in the garden, the consciousness of his Sonship never wavers.

How intense that agony was, Humanity will never be able to comprehend its measure. It lies hidden in the Heart of God. But we do know that it had something to do with mankind. It was part of the cost of redemption, even as the Temptation and the other trials and hardships of the Lord's Life were. It was not the physical shrinking of death, for that would be to make Him inferior to many sons of men who have met death unflinchingly. It was not the shame of His approaching execution, for that were to make Him inferior to the two male-factors who afterwards died at His side: one of whom, at any rate, was above complaining of the undoubted disgrace of his cross.

There was but one thing which could cause such agony to the Son of Man, and that was Sin, with all its dreadful consequences. Sin is so unspeakably evil, and so awful that it struck down the Son of God Himself. Hitherto Jesus had beheld the consequences of sin in others. He had been an onlooker. He had seen suffering, and evil and hatred and death in the lives of others. And His sensitive soul had recoiled from it. Sin could make of a friend and disciple, a liar and betrayer, and that had caused Him bitter grief. But never before had Evil approached so close to Him as it did now as he knelt in the shade of the peaceful garden. To see deceit and envy and pride "coming out of the heart" of man, had been terrible indeed. But to have all the evil in the world poured out upon Himself: that indeed was a new thing, and it cast Him into an agony.

St. Mark uses the words: "He began to be sore amazed" and they give a real picture. Sore amazement took possession of the soul of Jesus Christ, when He realised that He himself who knew no sin, was to be made "Sin" for the world's sake. That was too awful for His sensitive soul. It cast Him down to Sheol. A terror and horror of sin: a terror and horror at Himself – to absolute stupefaction – took possession of His soul and He cried out in agony from a mist of sweat and blood which blinded His tired eyes.

Bowed and prostrate there among the olive trees Jesus felt all this. Yet He is conscious all the time of his calling, that he is come to do God's will: to do his Father's business, as he had proudly told his Mother, on what was to him, his confirmation day, and that was, to win and redeem the world for God. That is what he had lived for. That is why he had steadfastly set his Face, and had come to Jerusalem, the Holy City.

And now his Father is offering him a Cross, a Cross on which they slew rogues. It is too much. The Perfect humanity of our Lord cries out. No human being likes to suffer: no man likes to suffer for something that he has not done. Jesus shows that he is no less a Man than other children of the world. Therefore it is a real cry which ascends to His Father. Is this the only means by which God's will can be perfectly obeyed. If so, it was a path of simple shame. It was no wonder that Temptation assailed him as it had done in the desert of Galilee.

It is a cheap Gospel that makes the thorny way of duty easy for Jesus. It cost him Blood and Agony, Sweat and Tears. At the beginning of His Ministry, he had been tempted to take a short cut to power, and that temptation had recurred again when the Greeks sent a message to Jesus by the hands of St. Philip. So now the temptation comes again. As he thinks of the cross, and all that it will mean, he says to himself: The Cross. Is there no other way? Must I redeem the world thus?

His prayer, "Let this Cup pass" is a definite petition to God, born of real anguish. In vision he sees the Father holding out the cup for him to take. But, is there no other way? Is he shut up to the Cross? We can make nothing of these words that will be worthy either of him or the occasion unless we see that he was tempted, quite definitely to let the cup pass. And this will help us to realise that Temptation is not sin, and the thought of the Temptation of Jesus will help us to be brave when we too are tempted.

This was a passionate return of that inner debate which he held with himself in the contest with the Devil at the beginning of his ministry. There he had been tempted to accomplish his mission in different ways, not

necessarily evil ways, but ways that differed in excellence. Then it had meant hunger and thirst. Now it meant agony and sweat and blood beside. The flesh shrunk from the Cross, which else had been no suffering, and if no suffering, there had been no atonement. His Manhood would not have been like ours, nor his sorrows our pattern, if He had not thus drawn back, in his sensitive humanity, from the awful prospect so near. But natural instinct is one thing, and the controlling will another. However currents may have tossed the vessel, the firm hand at the helm never suffered them to change her course.

In the midst of His agony, the fixed purpose to die for the world never wavered. "If it be possible, let this Cup pass." Possible for what? Possible in view of my life-purpose to bring back Thy children to Thee,O My Father, but, "not as I will, but as Thou wilt."

Sin approached him, but reeled back vanquished. The "not as I will, but as Thou wilt" in itself was a prayer to God to give him strength to carry out the will of God. It shows his utter reliance upon his Father, the source of all strength, and in the vision of the Angel strengthening the Saviour we have a true picture of spiritual strength being imparted to him from his close communion with his heavenly Father.

Perfect submission, perfect surrender, utter resignation to his Father's will. So he found peace and strength. It was a new Being who went to his sleeping followers. Upon his Face there now shone victory and peace: the battle was over. He roused his disciples; "Behold the hour is at hand, and the Son of Man is betrayed unto the hands of sinners. Arise, let us be going: behold he is at hand that betrayeth Me." So steadfastly and with courage he faced the Traitor, and the rabble horde, and with head held high, his face set like a flint he set out on the last journey which was to end on Calvary, for as He himself said: "I, if I be lifted up, will draw all men unto Myself."

Jesus endured the agony in the Garden for us men and for our salvation. We must always realise that Jesus endured such suffering in order that he might know the very depths of our experiences. No matter how great earthly sufferings may be, the Son of Man who is the Son of God knows them too.

In pain, in sufferings, in agony and anguish, in joy and sorrow, he is our Great Example. But he is our Saviour and our God, and therefore he can help us in our trials and temptations. In his strength we can overcome.

In the midst of His agony, when blinded with blood, He could reach out to his Father and feel the Everlasting Arms supporting him. So too, when the agony and the stress of life seem to overwhelm us and we are blinded by doubts and difficulties, the thought of the agonised face of Jesus in the Garden of Gethsemane, as he wrestled with the Evil One will help us to hold fast to our Sonship, as children of our heavenly Father, and as he received the necessary strength from on high to go forth and face his accusers, so we too shall receive sufficient strength to wage war against the powers of darkness, and in the strength of the Cross which Jesus accepted, to conquer them. ◎

"Eli, Eli, lama sabachthani?"
"My God, My God, why have you forsaken me?" (Mathew 27:46)



നിങ്ങൾ ഉപയോഗിക്കുന്നത്
www.kitchentreasures.in
തികച്ചും 100%
മുളകുപൊടിയാണോ?
Synthite
HACCP, BRC, ISO 22000
WORLD'S LARGEST
CHILLI COMPANY
Synthite
KITCHEN TREASURES
100%
CHILLI POWDER
KITCHEN™
TREASURES
A world of 100%

കൽപടവുകൾ - 27

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ



ലാബാന്റെ ഭവനത്തിൽ യാക്കോബ്

ദൈവപരിപാലനത്തിന്റെ നിർല്ലോഭമായ സാന്നിദ്ധ്യമാണ് യാക്കോബിന്റെ യാത്രയിൽ നാം കാണുന്നത്. അദ്ദേഹം ലാബാന്റെ സ്ഥലത്ത് എത്തിച്ചേരുന്നു. ഒരു കിണറ്റുകരയിൽ വച്ച് ലാബാന്റെ മകൾ റാഹേലിനെ കാണുന്നു. ഈ കണ്ടുമുട്ടലിനെപ്പറ്റി ഹൃദയസ്പർശിയായ വിധത്തിലാണ് ഗ്രന്ഥകർത്താവ് വിവരിക്കുന്നത്. യാക്കോബിന്റെ പിതാവായ യിസഹാക്കിനുവേണ്ടി ഏലിയേസർ റിബേക്കയെ കണ്ടുമുട്ടുന്നതും ഒരു കിണറ്റുങ്കൽ വച്ചായിരുന്നു. ആ കഥ കൂടുതൽ ഹൃദ്യമെന്ന് പറയാമെങ്കിൽ രണ്ടാമത്തെ കഥ കൂടുതൽ സജീവമെന്ന് പറയാം (ഉല്പത്തി 29:1-14).

റാഹേലിനെ കണ്ടുമുട്ടിയ ഉടൻതന്നെ യാക്കോബ് കിണറിന്റെ അടപ്പുകല്ല് മാറ്റി അവളുടെ ആടുകൾക്ക് വെള്ളം കൊടുത്തു. അവൻ അവളെ സ്നേഹപൂർവ്വം ചുംബിക്കുകയും പൊട്ടിക്കരയുകയും ചെയ്തു. റാഹേൽ ഇക്കാര്യങ്ങളെല്ലാം ഭവനത്തിൽചെന്ന് പിതാവിനെ അറിയിച്ചു. പിതാവ് ഓടിച്ചെന്ന് യാക്കോബിനെ സ്വീകരിക്കുകയും അവനെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും ചെയ്തു. യാക്കോബ് ലാബാന്റെ ഭവനത്തിൽ ഒരു മാസക്കാലം പാർത്തു. യാക്കോബ് അധ്വാനശീലനായ ഒരു യുവാവാണെന്നു കണ്ട ലാബാൻ അവൻ ചെയ്യുന്ന ജോലിക്ക് എന്തു പ്രതിഫലം വേണമെന്ന് തിരക്കി? ഒരു ചെറിയ 'ഉടമ്പടി' അതിനുണ്ടാകണം.

യാക്കോബിന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല. ലാബാന്റെ ഇളയ മകളായ റാഹേലിനെ ഭാര്യയാക്കാൻ വേണ്ടി ഏഴു വർഷക്കാലം താൻ അദ്ദേഹത്തെ സേവിക്കാമെന്നവൻ പറഞ്ഞു. എന്നാൽ ലാബാൻ ഈ സാഹചര്യം ഉപയോഗിച്ച് യാക്കോബിനെ ചൂഷണം ചെയ്യുന്നു. കനാനിൽ അന്ന് നിലവിലുണ്ടായിരുന്ന നിയമമനുസരിച്ച് അടിമ സ്വതന്ത്രനാകുന്നതിനു മുമ്പ് ഏഴു വർഷക്കാലം യജമാനനെ സേവിക്കണമായിരുന്നു. ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ പുറപ്പാട് 21:2-6-ൽ കൊടുത്തിട്ടുണ്ട്. ഈ നിർദ്ദേശം ലാബാൻ അംഗീകരിച്ചു എന്ന് തോന്നാമെങ്കിലും സൂക്ഷ്മപരിശോധനയിൽ അവ്യക്തത ഉള്ളതായി കാണാം. "*യാക്കോബ് റാഹേലിനെ സ്നേഹിച്ചു: നിന്റെ ഇളയമകൾ റാഹേലിനു വേണ്ടി ഞാൻ ഏഴു സംവത്സരം നിന്നെ സേവിക്കാം എന്നു പറഞ്ഞു. അതിന്ന് ലാബാൻ: ഞാൻ അവളെ അന്യപുരുഷന് കൊടുക്കുന്നതിലും നിനക്ക് തരുന്നത് നല്ലത്. എന്നോടുകൂടെ പാർക്ക എന്നു പറഞ്ഞു*" (ഉല്പത്തി 29:18-19). വികാരതരളിതനായ യാക്കോബ് ലാബാന്റെ വാക്കുകളിൽ ഒളിഞ്ഞിരിക്കുന്ന ചതി മനസ്സിലാക്കുന്നുമില്ല. ഏഴു വർഷങ്ങൾക്കുശേഷം തദ്ദേശവാസികളായ ജനത്തിന് നൽകിയ ഒരു വിരുന്നിന്റെ രാത്രിയിൽ റാഹേലിനു പകരം കണ്ണിനു ശോഭ കുറഞ്ഞ മൂത്ത മകളായ ലേയയെ ലാബാൻ യാക്കോബിന് ഭാര്യയായി നൽകി. റാഹേലിനെ സ്വന്തമാക്കാൻ പിന്നീട് ഏഴു വർഷങ്ങൾ കൂടി യാക്കോബിനു കാത്തിരിക്കേണ്ടിവന്നു.

വഞ്ചകനായ യാക്കോബ് ലാബാന്റെ വഞ്ചനയിൽപ്പെട്ടു പോയി. വിവാഹദിവസം യാക്കോബിന്റെ അടുക്കൽ ലേയ ചെന്നത് മുഖാവരണ

മണിഞ്ഞായിരുന്നു. ഇതേ രീതിയിൽ ശരീരത്തിൽ ആവരണമണിഞ്ഞായിരുന്നു യാക്കോബ് പിതാവായ ഇസഹാക്കിന്റെ അടുത്തുചെന്ന് ചതിയിൽ അനുഗ്രഹം നേടിയത്. ജ്യേഷ്ഠന്റെ അവകാശം താൻ വഞ്ചിച്ച് നേടിയെടുത്തതാണ്. അതിന് ശിക്ഷയാണ് ഇവിടെ കിട്ടുന്നത്. ഏഴു വർഷങ്ങൾ വൃഥാ ചിലവായി. താൻ സ്നേഹിച്ച റാഹേലിനോടൊപ്പം ജീവിക്കേണ്ടിയിരുന്ന ഏഴു വർഷക്കാലം താൻ ആഗ്രഹിക്കാതിരുന്ന ലേയയോടൊപ്പം ജീവിക്കേണ്ടതായി വന്നു. ഉപായവും തന്ത്രവും ഉപയോഗിച്ച് നേടിയെടുക്കുന്ന സൗഭാഗ്യങ്ങൾക്ക് തിരിച്ചടിയുണ്ടാകും എന്ന സത്യം ഇവിടെ സ്പഷ്ടമാക്കപ്പെടുന്നു.

ലാബാന്റെ കൂടെയുള്ള യാക്കോബിന്റെ ജീവിതം വലിയ സമ്പത്തിന് അദ്ദേഹത്തെ ഉടമയാക്കി. ധാരാളം മൃഗസമ്പത്ത്, വാല്യക്കാർ, അതിനെല്ലാം ഉപരി രണ്ട് സ്ത്രീകളിലായി (യഥാർത്ഥത്തിൽ 4 സ്ത്രീകൾ) 12 പുത്രന്മാർ. യാക്കോബിന്റെ ഭാര്യമാരുടെ പേരുകൾ ഗോത്രങ്ങളുടെ പേരുകളുമായി ബന്ധപ്പെട്ടവയായിരുന്നു. 'ലേയ' എന്ന പേരിന്റെ അർത്ഥം 'പശു' എന്നാണ്. 'റാഹേൽ' എന്ന പദത്തിന് 'തള്ളയാട്' എന്നുമാണ് അർത്ഥം. 'ലേയാ' എന്ന പേര് കാള, പശു മുതലായ വളർത്തുമൃഗങ്ങളെ പരിപാലിച്ച് ജീവിതവൃത്തി കഴിക്കുന്ന കൃഷിക്കാരെയും റാഹേൽ എന്നത് ആടുമേയിച്ച് കഴിയുന്ന ഇടയവർഗ്ഗക്കാരെയും സൂചിപ്പിക്കുന്നു എന്നും അഭിപ്രായമുണ്ട്. ഒരു പ്രദേശത്ത് ആദ്യം കുടിയേറിപ്പാർത്തവർ മൂത്തവളായ ലേയയെ സൂചിപ്പിക്കുന്നു; പിന്നീടു വന്നവർ റാഹേലിനെയും. പന്ത്രണ്ടു ഗോത്രങ്ങളുടെ ഐക്യനിര എങ്ങനെ ഉണ്ടായി എന്നുള്ളതിന്റെ ഒരു പ്രതിപാദനമായി ഈ വിവരണങ്ങളെ പണ്ഡിതന്മാർ കണക്കാക്കുന്നു.

യാക്കോബിന്റെ പ്രവർത്തനം മൂലം ലാബാനും വലിയ സമ്പത്തിന് ഉടമയായി. "ഞാൻ കാൽ വച്ചേടത്തൊക്കെയും യഹോവ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു" (ഉല്പത്തി 30:30) എന്ന് യാക്കോബ് ലാബാനോട് പറയുന്നു. ഇതോടൊപ്പം യാക്കോബും സമ്പന്നനായതു കണ്ട് ലാബാന്റെ പുത്രന്മാർ ഇത് തങ്ങളുടെ അപ്പന്റെ സ്വത്ത് മോഷ്ടിച്ചതാണെന്നു പറഞ്ഞു. ഇത് യാക്കോബ് കേട്ടു. ലാബാന്റെ മുഖഭാവത്തിലുണ്ടായ മാറ്റവും അവൻ ശ്രദ്ധിച്ചു. ഇതിന്റെ ഫലമായി 20 വർഷക്കാലമായി ലാബാന്റെ അടുക്കലുള്ള സേവനം നിർത്താൻ അവൻ തീരുമാനിച്ചു. അതിന് യഹോവയായ ദൈവത്തിന്റെ അനുവാദവും ഉണ്ടായി. "അപ്പോൾ യഹോവ യാക്കോബിനോട്: *നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപ്പോക; ഞാൻ നിന്നോടുകൂടെ ഇരിക്കും എന്ന് അരുളിച്ചെയ്തു*" (ഉല്പത്തി 31:3). പിന്നീട് ലാബാനും യാക്കോബും തമ്മിൽ ഒരു ഉടമ്പടിയുമുണ്ടായി (31:45-52). തങ്ങളുടെ സഞ്ചാരത്തിനും അധികാരത്തിനും അവർ അതിർത്തി നിശ്ചയിച്ചു. കല്ലുകൊണ്ടുള്ള കൂമ്പാരവും തൂണും (സാക്ഷ്യത്തിന്റെ കൂമ്പാരവും തൂണും) ഉറപ്പിച്ചു. അതിന് അപ്പുറവും ഇപ്പുറവും കടക്കാതെ അന്യോന്യം നിയന്ത്രണം പാലിക്കണം. ഗോത്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണിത്. ഈ തൂണുകൾ "ദൈവം സാക്ഷി" (31:50) എന്നതിന്റെ അടയാളവുമായിരുന്നു. മദ്ധ്യപൗരസ്ത്യദേശങ്ങളിൽ പുരാവസ്തുഗവേഷകർ കണ്ടെത്തിയ കൂമ്പാരങ്ങൾക്കും തൂണുകൾക്കും ഈ അർത്ഥതലങ്ങൾ കൂടിയുണ്ട്.

സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി ഉപായങ്ങളും തന്ത്രങ്ങളും മെനയാൻ അതിസമർത്ഥനായിരുന്നു യാക്കോബ്. അത് തുടരാൻ ദൈവം അനുവദിച്ചില്ല. അന്യദൈവങ്ങളെ ആരാധിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ വിലക്കി. അവയെ കുഴിച്ചുമൂടാൻ ആവശ്യപ്പെട്ടു (ഉല്പത്തി 35:1-4). നമുക്കും അങ്ങനെ പലതും കുഴിച്ചുമൂടാനുണ്ട്, വ്യക്തിപരമായ ജീവിതത്തിലും ആത്മീയജീവിതത്തിലും.

◎

യുവലോകം - 87

ഫാ. ഡോ. തോംസൺ റോബി



വ്യത്യസ്തതയെ ഉൾക്കൊള്ളുന്നതാണ് യഥാർത്ഥ പഠനം

"എല്ലാ ചിറകുകളും ഒരു പോലെയല്ല, എല്ലാ കാലുകൾക്കും ഒരേ വേഗമല്ല. എല്ലാവർക്കും ഒരേ കരവിരുതല്ല" എന്നു പറയുന്നത് വാസ്തവമാണ്. ഓരോ സൃഷ്ടിക്കും വ്യത്യസ്ത കഴിവുകൾ ആണുള്ളത്. ആ വ്യത്യസ്തതയിലാണ് സൃഷ്ടികളുടെ നിലനില്പ്പ്. ശരീരത്തിലെ ഓരോ അവയവത്തിന്റെ ധർമ്മവും ഉദ്ദേശ്യവും വ്യത്യസ്തമായിരിക്കുന്നതുപോലെ ഓരോ വ്യക്തിയുടെയും ചിന്തകളും കഴിവുകളും വ്യത്യസ്തമായിരിക്കും. അതുകൊണ്ട് ഒരു വ്യക്തിയെ മറ്റൊരാളോടു താരതമ്യം ചെയ്‌വാൻ കഴിയില്ല. "പരാജയത്തിന് നിങ്ങൾ കഴിവുകെട്ടവനാണ് എന്നർത്ഥമില്ല, നിങ്ങൾ കുറ്റമറ്റവനല്ല എന്നേ അതിനർത്ഥമുള്ളൂ" എന്ന് അമേരിക്കൻ പ്രഭാഷകൻ റോബർട്ട് എസ്. മുള്ളർ പറയുന്നത് ഇവിടെ ശ്രദ്ധേയമാണ്.

അരയന്നം കടൽതീരത്തുകൂടെ പറക്കുന്നതിനിടെ കാക്ക ചോദിച്ചു: "നിനക്ക് എന്റെ അത്രയും വേഗത്തിൽ പറക്കാനാകുമോ? ഞാൻ കാണിക്കുന്ന അഭ്യാസങ്ങൾ കാണിക്കാമോ? നിനക്ക് ചിറകടിക്കാനറിയാം എന്നല്ലാതെ നന്നായി പറക്കാനറിയാമോ?" കാക്ക കുറെ അഭ്യാസങ്ങളും കാണിച്ചു. അരയന്നം ചോദിച്ചു: "നിനക്ക് കഴിവുണ്ട്; എന്തിനാണ് ഇത്ര ധാർഷ്ട്യത്തോടെ കളിയാക്കുന്നത്?" കാക്ക പറഞ്ഞു: ''എനിക്ക് വെല്ലുവിളി ഉയർത്തുന്ന എന്തെങ്കിലും നീ ചെയ്താൽ ഞാൻ കളിയാക്കൽ നിർത്താം." അരയന്നം കാക്കയെ കടലിനു മുകളിലൂടെ പറക്കാൻ ക്ഷണിച്ചു. കുറച്ചു ദൂരം കഴിഞ്ഞപ്പോഴേക്കും കാക്ക ക്ഷീണിച്ചു. എങ്കിലും പുറത്തു കാണിച്ചില്ല. തളർന്നു കടലിൽ വീഴാറായപ്പോൾ അരയന്നം കാക്കയെ തന്റെ ചുമലിൽ താങ്ങി. നന്ദി പറയാനുള്ള ശേഷിപോലും അപ്പോൾ കാക്കയ്ക്ക് ഇല്ലായിരുന്നു.

എല്ലാവരും തന്നെപ്പോലെയാകണമെന്ന പിടിവാശി അബദ്ധങ്ങളിലേക്ക് നയിക്കും. സ്വയം സൃഷ്ടിക്കുന്ന അഹംബോധത്തിലേക്കും അപരനിൽ പകരുന്ന അപകർഷതാബോധത്തിലേക്കും നാം എത്തും. എല്ലാം തികഞ്ഞവരായും ഒന്നുമില്ലാത്തവരായും ആരുമില്ല. ഇതിനിടയിൽ ഓരോരുത്തരും അർഹിക്കുന്ന, അവരവർ കണ്ടെത്തേണ്ടതായ ഇടങ്ങളുണ്ട്. അവിടെയാണ് അവർക്ക് മികവു പുലർത്താനാവുക. അതായത് അവഹേളിക്കപ്പെടേണ്ടതല്ല ഒരു ജന്മവും. വ്യത്യസ്ത കഴിവുകൾ ഒരുമിച്ചു ചേരുമ്പോഴാണ് പൂർണ്ണതയിലെത്തുക. കടലിന് മുകളിലൂടെ പറക്കാൻ ശക്തിയുള്ളതല്ല തന്റെ ചിറകുകൾ എന്ന് കാക്കയ്ക്ക് തിരിച്ചറിയാൻ കഴിയാതെ പോയത് അവന്റെ പരാജയത്തിന് കാരണമായി. എന്നാൽ അരയന്നം അങ്ങനെ പറക്കാൻ കഴിവുള്ളവനാണന്ന് സ്വയം തിരിച്ചറിഞ്ഞിടത്ത് വിജയം ഉണ്ടായി. ഇതു തന്നെയാണ് ജീവിതവിജയത്തിനും ആധാരമായിട്ടുള്ളത്.

മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ഉയർത്തുന്ന ശബ്ദകോലാഹലത്തിൽ നിങ്ങളുടെ മനസ്സ് പറയുന്നത് മുങ്ങിപ്പോകാൻ ഇട വരരുത് എന്ന് സ്റ്റീവ് ജോബ്സ് പറയുന്നു. മനഃസാക്ഷിയുടെ ഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. സുഭാഷ്ചന്ദ്ര ബോസിന്റെ പ്രസിദ്ധമായ വചനം: "അനീതിയുമായും അധർമ്മവുമായും പൊരുത്തപ്പെടുന്നതാണ് ഏറ്റവും വലിയ പാതകം." നാം ധർമ്മത്തിനെതിരായി ചിന്തിക്കാതിരി

ക്കുന്നതുതന്നെ വിജയമാണ്. വിമർശനമേറ്റ് വാടരുത്, തളരരുത്. ഒരു സത്യസന്ധനായ മനുഷ്യൻ കുറച്ചുപേർ തന്നെക്കുറിച്ച് മോശമായി പറയുന്നത് കേട്ട് ദുഃഖിച്ചു. അന്നു മുതൽ അയാൾക്ക് ഉറക്കം നഷ്ടപ്പെട്ടു. ഒന്നും ചെയ്യുവാൻ കഴിയാതെയായി. പ്രശ്നപരിഹാരത്തിന് അയാൾ ഗുരുവിന്റെ അടുത്തെത്തിയപ്പോൾ ഗുരു പറഞ്ഞു, "ഇന്നു നീ എന്റെ കൂടെ ആശ്രമത്തിൽ താമസിക്കണം." അയാൾ സമ്മതിച്ചു. രാത്രി ഉറങ്ങാൻ കിടന്നപ്പോൾ തൊട്ടടുത്ത കുളത്തിൽ നിന്ന് തവളകൾ കരയുന്ന ഭയാനക ശബ്ദം. പിറ്റേന്ന് രാവിലെ അയാൾ ഗുരുവിനോട് പറഞ്ഞു, "കുളം മുഴുവൻ തവളയാണെന്ന് തോന്നുന്നു. അവയെ ഞാൻ പിടിച്ചോട്ടെ?" ഗുരുവിന്റെ സമ്മതത്തോടെ അയാൾ തവളയെ പിടിച്ചെങ്കിലും നാലെണ്ണത്തെ മാത്രമേ കിട്ടിയുള്ളൂ. അയാൾ ഗുരുവിനോട് ചോദിച്ചു: "ഈ നാലെണ്ണമാണോ ഇത്രയും ശബ്ദമുണ്ടാക്കിയത്." ഗുരു പറഞ്ഞു "നിന്റെ കാര്യത്തിലും ഇങ്ങനെയാണ്. നാലുപേർ കുറ്റം പറഞ്ഞതിന്റെ പേരിലാണ് നിന്റെ ഉറക്കം നഷ്ടപ്പെട്ടത്."

വളരെ കുറച്ചുപേർ മാത്രമേ നമ്മേ വിമർശിക്കുകയും കളിയാക്കുകയും ചെയ്യുകയുള്ളൂ. അതിനെ ചെറുക്കുവാൻ ഒരു വലിയ സമൂഹത്തിന്റെ പിന്തുണയുണ്ട് എന്ന് നാം തിരിച്ചറിയണം. അതുകൊണ്ടാണ് ജോർജ്ജ് ഹെർബർട്ട് പറഞ്ഞത്, "പ്രതീക്ഷയിൽ ജീവിക്കുന്നവന് നൃത്തം വയ്ക്കാൻ സംഗീതം വേണമെന്നില്ല" എന്ന്. താളം നഷ്ടപ്പെടാതെ, താളം ഇല്ലാതെ തന്നെ, ചുവടുവയ്ക്കുവാൻ കഴിയുന്നവനേ വിജയം ഉണ്ടാവുകയുള്ളൂ.

ഒരു പണ്ഡിതൻ സന്യാസിയുടെ അടുത്തെത്തി പറഞ്ഞു, "എനിക്കു സത്യം എന്തെന്നറിയണം." സന്യാസി ചോദിച്ചു, "താങ്കളാരാണ്?" അയാൾ പറഞ്ഞു, "താങ്കൾക്കെന്നെ അറിയില്ലേ? ലോകമറിയുന്ന പണ്ഡിതനാണ് ഞാൻ. എങ്കിലും എനിക്ക് സത്യം കണ്ടെത്താനായിട്ടില്ല." അറിയുന്ന കാര്യങ്ങളെല്ലാം എഴുതിക്കൊണ്ടുവരുവാൻ സന്യാസി ആവശ്യപ്പെട്ടു. മൂന്ന് വർഷം കഴിഞ്ഞ് വലിയ ബാഗ് നിറയെ കടലാസുമായി അയാളെത്തി. സന്യാസി പറഞ്ഞു, "ഇതു മുഴുവൻ വായിക്കുവാൻ എനിക്കു സമയമില്ല. ചുരുക്കിയെഴുതൂ." വീണ്ടും മൂന്നു മാസം കഴിഞ്ഞ് പണ്ഡിതനെത്തി. അപ്പോഴും നൂറുകണക്കിന് പേജുകൾ ഉണ്ടായിരുന്നു. വീണ്ടും പല പ്രാവശ്യം വെട്ടിക്കുറയ്ക്കാനാവശ്യപ്പെട്ടപ്പോൾ പണ്ഡിതനു കാര്യം പിടികിട്ടി. അയാൾ ഒന്നുമെഴുതാതെ ഒരു കടലാസു നൽകിയിട്ടു പറഞ്ഞു: "ഇപ്പോൾ ഞാൻ ശൂന്യമാണ്." ഗുരു പറഞ്ഞു, "നമുക്ക് പഠനമാരംഭിക്കാം."

ഇതിന്റെ സാരം നാം പഠിക്കാൻ പഠിക്കണമെന്നാണ്. പഠിക്കാൻ പഠിച്ചില്ലെങ്കിൽ നാം വീണുപോകും. അറിഞ്ഞതിന്റെ ബാക്കി അറിയാനുള്ള ശ്രമമല്ല, ആത്യന്തികമായി എന്ത് എന്നറിയുവാനുള്ള ശ്രമമാണ് യഥാർത്ഥ പഠനം. അവിടെ, എല്ലാം ദൈവസൃഷ്ടിയാണെന്നും ഓരോരുവനും മറ്റൊരുവന്റെ നന്മയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുകയാണെന്നും ഉള്ള തിരിച്ചറിവ് ഉണ്ടാകണം. അതുകൊണ്ട് വ്യത്യസ്ത മനുഷ്യർ, ജീവജാലങ്ങൾ എല്ലാം പ്രകൃതിയുടെ സംരക്ഷണത്തിനും മനുഷ്യനന്മയ്ക്കും വേണ്ടതാണെന്നുള്ള ചിന്ത നമ്മിൽ വളർത്തിയെടുക്കണം. "ഹൃദയത്തിൽ സത്യമുള്ളവൻ തന്റെ ജീവനെ ഭയപ്പെടേണ്ടതില്ല" എന്ന ജോൺ റസ്കിന്റെ വാക്കുകൾ ഓർക്കുക. കഴിവുള്ളവയും കഴിവില്ലാത്തവയും എല്ലാം നമ്മുടെ വളർച്ചയ്ക്ക് വേണ്ടിയാണെന്ന് ഓർക്കുക. എല്ലാത്തിലും ദൈവനന്മ കണ്ടെത്തുവാൻ യുവതീയുവാക്കൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

◎



പ്രവാചകന്മാർ – 23

പ്രൊഫ. മാത്യു കോശി

ചെറിയ പ്രവാചകൻ –
മീഖാ



മോരസ്ത്യനായ മീഖാ ബി.സി. 720-692 കാലത്താണ് പ്രവചനം നിർവ്വഹിച്ചത്. യോഥാം, ആഹാസ്, യെഹിസ്ക്കിയാവ് എന്നീ യഹൂദ രാജാക്കന്മാരുടെ കാലത്താണ് മീഖായിൽക്കൂടി ശമര്യയെയും യെരൂശലേമിനെയും പറ്റിയുള്ള അരുളപ്പാട് യഹോവ നൽകുന്നത്. ആമോസ്, ഹോശേയാ എന്നീ പ്രവാചകന്മാരുടെ കാലശേഷം യെശയ്യാവിന്റെ കാലത്താണ് മീഖാ ജീവിച്ചിരുന്നത്.

ജന്മസ്ഥലമായ മോരസ്ത്യ യഹൂദയുടെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള സമഭൂമി ആയിരുന്നു. യിരമ്യാവിന്റെ പുസ്തകം 22-ാം അദ്ധ്യായം 18-ാം വാക്യത്തിൽ മീഖായെപ്പറ്റി പരാമർശിക്കുന്നുണ്ട്: "യെഹൂദരാജാവായ ഹിസ്ക്കിയാവിന്റെ കാലത്തു മോരഷ്ട്യനായ മീഖായാവു സകല യെഹൂദാജനത്തോടും പ്രവചിച്ചു." യിരമ്യാവ് എഴുതിയിരിക്കുന്ന സ്ഥലവും പ്രവാചകന്റെ പേരും അല്പം വ്യത്യാസമുള്ളതായി തോന്നുമെങ്കിലും അവ ഒന്നു തന്നെയാണ്.

പ്രവചനത്തിന്റെ തുടക്കത്തിൽ യഹോവയുടെ അരുളപ്പാട് സകല ജാതികളോടുമായിട്ടാണ് കാണുന്നത്. യഹോവ കല്പിക്കുന്ന ശിക്ഷയ്ക്കു പ്രധാന കാരണം സകല ജനത്തിന്റെയും പാപം അല്ല, മറിച്ച് യിസ്രായേലിന്റെ പാപം ആണെന്ന് പ്രവാചകനിൽക്കൂടി യഹോവ അരുളിച്ചെയ്യുന്നു. തെറ്റിനെതിരായി ശക്തമായി പ്രവചിക്കുന്നതിന് മറ്റു പ്രവാചകന്മാരെപ്പോലെ മീഖായും ധൈര്യം കാണിക്കുന്നു. യഹോവ കല്പിക്കുന്നത് ഒരു വ്യത്യാസവും കൂടാതെ ജനത്തെ അറിയിക്കുക എന്ന പ്രവാചകദൗത്യം മീഖാ വിഘ്നം കൂടാതെ നിർവ്വഹിച്ചു.

ജനങ്ങളുടെ പാപം അക്കമിട്ട് പ്രവാചകൻ വിസ്തരിക്കുന്നുണ്ട്. ജനങ്ങൾ ചെയ്ത കുറ്റങ്ങളെയും തന്മൂലം അവർക്കു വരുവാൻ പോകുന്ന ശിക്ഷയെയും കുറിച്ച് മീഖാ അവരെ പ്രബോധിപ്പിച്ചു. വളരെ അനുഗ്രഹകരമായിരുന്ന ശമര്യയും യെരൂശലേമും ജനങ്ങളെ പാപത്തിലേക്ക് നയിച്ചു. ധനവാന്മാരും ഭരണാധികാരികളും ദരിദ്രന്മാരുടെ നേർക്കു ചെയ്ത അന്യായം യഹോവ കുറ്റമായി കണ്ടു. ഉറങ്ങാൻ കിടക്കുന്ന അവസരത്തിൽ പോലും നീതികേട് നിരൂപിക്കുന്ന ജനം എന്നാണ് അവരെക്കുറിച്ച് പ്രവാചകൻ പറയുന്നത്. നിരൂപിക്കുന്ന കാര്യങ്ങൾ നേരം പുലരുമ്പോൾത്തന്നെ അവർ നടത്തുന്നു. "*അവർ വയലുകളെ മോഹിച്ചു പിടിച്ചുപറിക്കുന്നു, അവർ വീടുകളെ മോഹിച്ചു കൈക്കലാക്കുന്നു, അങ്ങനെ അവർ പുരുഷനെയും അവന്റെ ഭവനത്തെയും മനുഷ്യനെയും അവന്റെ അവകാശത്തെയും പീഡിപ്പിക്കുന്നു*" (2:3). പിന്നെയും പ്രവാചകൻ പറയുന്നത് "*യുദ്ധവിമുഖന്മാരായി നിർഭയന്മാരായി കടന്നുപോകുന്നവരുടെ വസ്ത്രത്തിന്മേൽനിന്നു നിങ്ങൾ പുതപ്പു വലിച്ചെടുക്കുന്നു. നിങ്ങൾ എന്റെ ജനത്തിന്റെ സ്ത്രീകളെ അവരുടെ സുഖകരമായ വീടുകളിൽനിന്ന് ഇറക്കിക്കളയുന്നു, അവരുടെ പൈതങ്ങളോടു നിങ്ങൾ എന്റെ മഹത്വം സദാകാലത്തേക്കും അപഹരിച്ചുകളയുന്നു*" (2:8,9). വ്യാജം പ്രസംഗിക്കുന്നവരും അവരുടെ കൂട്ടത്തിൽ ഉണ്ട്.

അധിപതികളായവർ ചെയ്യുന്ന ദ്രോഹം വീണ്ടും പ്രവാചകൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "*നിങ്ങൾ നന്മയെ ദ്വേഷിച്ചു തിന്മയെ ഇച്ഛിക്കുന്നു; നിങ്ങൾ ത്വക്ക് അവരുടെമേൽനിന്നും മാംസം അവരുടെ അസ്ഥിക*

ളിൽനിന്നും പറിച്ചുകളയുന്നു" (3:2). ഇതിൽ കൂടുതൽ എന്തു വിശദീകരണമാണ് മറ്റുള്ള വരെ ദ്രോഹിക്കുന്ന അവസ്ഥയെപ്പറ്റി പറയു വാനുള്ളത്! ഇങ്ങനെയൊക്കെ ചെയ്താലും ഒരു ദോഷവും ഭവിക്കയില്ല എന്ന് അവർ നിരൂ പിക്കുന്നു.

സമാധാനസന്ദേശവും പ്രവാചകൻ ഇടയ്ക്ക് പറയുന്നുണ്ട്. യഹോവയുടെ സീയോൻ പർവ്വതത്തെപ്പറ്റിയാണ് പ്രവാചകൻ വിവക്ഷിക്കുന്നത്. യഹോവ സീയോൻ പർവ്വ തത്തിൽ എന്നെന്നേക്കും അവർക്ക് രാജാവാ യിരിക്കും. അതു സാധ്യമാകുന്ന അവസ്ഥ പ്രവാചകൻ വിശദീകരിക്കുന്നതിപ്രകാരമാണ്: "അവർ തങ്ങളുടെ വാളുകളെ കൊഴുക്കളാ യും, കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കു നേരെ വാൾ ഓങ്ങു കയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയുമി ല്ല. അവർ ഓരോരുത്തൻ താന്താന്റെ മുന്തിരി വള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിന്റെ കീഴിലും പാർക്കും" (4:3,4). ദൈവത്തിന്റെ പരി പാലനം ഇവിടെ കാണാം.

യിസ്രായേലിനെ മെതിക്കുവാൻ അനേക ജാതികൾ ഒന്നിച്ചുകൂടും എന്നും പ്രവചന ത്തിൽ കാണുന്നു. എന്നാൽ ശാശ്വത സമാ ധാനം മശിഹായുടെ വരവോടുകൂടി സാധ്യ മാകും എന്നും പറയുന്നു. "നീയോ, ബേത് ലേഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്ര ങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (5:2). ഈ അധിപതി യേശുതന്നെയാ ണ്. യേശു അവർക്ക് ശാശ്വതസമാധാനം നൽകും.

മിസ്രയീംദേശത്ത് അവർ അടിമകളായിരു ന്നു. അവിടെനിന്ന് മോശെയും അഹരോനും മിര്യാമും ചേർന്ന് അവരെ വിടുവിച്ച് മരുഭൂമി യിൽക്കൂടി നടത്തി. അനേക രാജാക്കന്മാരെ യുദ്ധത്തിൽ തോൽപിക്കുവാൻ അവർക്കു കഴി ഞ്ഞു. അവസാനം യോശുവ അവരെ കനാ നിൽ എത്തിച്ചു. ദേശം വിഭാഗിച്ചു ജനത്തിനു നൽകി. അവരിതെല്ലാം മറന്ന് ദൈവത്തോടു മറുതലിച്ചു ജീവിക്കുന്നത് ദൈവത്തിന് അപ്രീ തിയായിത്തീരുകയാണ്. ദൈവേഷ്ടത്തിന്ന് വിപരീതമായി ജീവിക്കുന്ന ജനത്തിന്റെ ആരാ ധനയിൽ ദൈവം പ്രസാദിക്കില്ല എന്ന് വളരെ സ്പഷ്ടമായി പ്രവാചകനിൽക്കൂടി ദൈവം അരുളിച്ചെയ്യുന്നു. "ആയിരം ആയിരം ആട്ടു കൊറ്റനിലും പതിനായിരം പതിനായിരം തൈലനദിയിലും യഹോവ പ്രസാദിക്കുമോ?" (6:7).

യിസ്രായേൽ ജനത്തോട് പ്രവാചകനിൽ കൂടി ദൈവം ഓർപ്പിക്കുന്ന ഒരു വാക്യം ഇന്നും നമ്മുടെ സമൂഹം ഓർത്തിരിക്കേണ്ട സത്യ മാണ്: "മനുഷ്യാ നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മ യോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?" (6:8). ന്യായവും നീതിയും ദയയും നിലനില്ക്കുന്ന ഒരു സമൂഹമാണ് ദൈവജനമായി അറിയപ്പെ ടുന്നത്. അന്യായബന്ധനങ്ങളെ അഴിക്കു വാനും പീഡിതരെ സ്വതന്ത്രരാക്കുവാനും ദരി ദ്രരോട് അനുകമ്പാപൂർവ്വം വർത്തിക്കുവാനും വന്ന മിശിഹായെ പിൻപറ്റുന്നവരായ നാമും പ്രവാചകന്റെ വാക്കുകളെ പിൻതുടരണം. അപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന സ്വീക രിക്കും.

ദുഷ്ടതയുള്ള ജനത്തെ ദൈവം പ്രവാചക നിൽക്കൂടി പ്രബോധിപ്പിക്കുകയാണ്: "ദുഷ്ടന്റെ വീട്ടിൽ ഇനിയും അനീതിയുള്ള നിക്ഷേപങ്ങളും ശാപകരമായ കള്ളയളവും ഉണ്ടോ? കള്ളത്തുലാസും കള്ളപ്പടികൾ ഇട്ട സഞ്ചിയും ഉള്ളവനെ ഞാൻ നിർമ്മലനായി എണ്ണുമോ?" (6:10,11). "ഭക്തിയുള്ളവൻ ഭൂമി യിൽ ഇല്ലാതെയായി; നേരുള്ള ഒരു മനു ഷ്യനും ഇല്ല. മകൻ അപ്പനെ നിന്ദിക്കുന്നു;

കവിതാലോകം

ഡോ. ടി. ജോൺ ജോർജ്ജ്



ക്രൂശിലെ യേശു

നോക്കുക ക്രൂശിലെ യേശുവെ നാം,
ഓർക്കുക അവനുടെ തിരുബലിയെ;
നമ്മെ വീണ്ടെടുത്ത പരിശുദ്ധരക്തം...
ആ മഹൽത്യാഗം മറക്കരുതേ...


മണ്ണിലെ മനുഷ്യർക്കായ് ദൈവപുത്രൻ
വന്നല്ലോ ഭൂമിയിൽ വിണ്ണിൽ നിന്നും;
ഏകീ തിരുവചനങ്ങൾ നമുക്കായ്
മാറോടു ചേർത്തല്ലോ തൻ സ്നേഹത്താൽ
മാറ്റി നമ്മെത്തന്റെ ശിഷ്യരായി
ഉയർത്തി നമ്മെ പ്രിയ മക്കളായി...

നമ്മൾതൻ പാപങ്ങൾ കഴുകിടുവാൻ
സ്വയമവൻ കുഞ്ഞാടായ് ബലിയുമായി
പീഡനമേറ്റു ക്രൂശിൻ വഴിയിൽ
ഏറെ സഹിച്ചപമാനങ്ങളും;
ചിന്തി തൻ പാപമില്ലാ രുധിരം,
നമ്മേ വിശുദ്ധരായ് തീർത്തിടുവാൻ

മകൾ അമ്മയോടും മരുമകൾ അമ്മാവിയമ്മ യോടും എതിർത്തു നിൽക്കുന്നു" (7:6). യേശു തന്റെ കൂടെ നിന്ന ആളുകളോടും ഇതേ ആശ യത്തിൽ സംസാരിക്കുന്നുണ്ട്.

യിസ്രായേൽ ചെയ്യേണ്ടതെന്തെന്ന് പ്രവാ ചകൻ ഓർപ്പിക്കുന്നു. യഹോവയിലേക്ക് നോക്കണം, ദൈവത്തിനായി കാത്തിരിക്കണം. പാപത്തിൽനിന്ന് മുക്തി നേടണം. പിൻമാറ്റ ത്തിൽനിന്ന് തിരിഞ്ഞു വരണം. മിസ്രയീമിൽ നിന്ന് പുറപ്പെട്ടുപോന്ന കാലംപോലെ ദൈവം അവരോടുകൂടെ നടക്കും. ജനത്തിന്റെ പാപ മെല്ലാം യഹോവ ക്ഷമിക്കും. ദൈവം എന്നേക്കും കോപം വെച്ചുകൊണ്ടിരിക്കയില്ല. ദൈവം കരു ണയും ദയയും ഉള്ളവനാണ്. അവരുടെ പാപ ങ്ങളെ ഒക്കെയും യഹോവ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും, അകൃത്യങ്ങളെ ചവി ട്ടിക്കളയും. യഹോവ സത്യം ചെയ്തിരിക്കുന്ന തന്റെ വിശ്വസ്തത അവൻ നിവർത്തിക്കും. പ്രത്യാശാനിർഭരമായ ഒരു ജീവിതത്തിന് ഇതിൽ കൂടുതൽ നമുക്കെന്താണാവശ്യം!

◎


SOUKYA®
DR. MATHAI'S
HOLISTIC HEALTH CENTRE
WELLNESS PROGRAMMES
• Stress Management
• Weight Management
• Anti-ageing
• Detoxification
• Rejuvenation
• Ayurveda Special
FEATURES
• 30 acre certified organic farm
• 25 luxurious rooms (Deluxe to Suites)
• 44 treatment rooms
• Fresh ovo-vegetarian cuisine
• Library
• Walking track
• Herbal garden (Over 200 medicinal plants)
• Guest from over 70 nationalities
MEDICAL PROGRAMMES
• Arthritis Management
• Cardiac Hypertension
• Diabetes Management
• Asthma Management
• Neuro-muscular disorders
• De-addiction
Awarded 'Best Wellness Centre' -Ministry of Tourism and
India's 1st NABH Accredited AYUSH Hospital for Ayurveda, Homeopathy, Yoga & Naturopathy
Soukya Road, Whitefield, Bangalore - 560 067. Tel: +91 80 28017000-08
Mob: +91 98453 74400 Email: info@soukya.com

Kingdom of God - 20

Dr. T. Jacob John, Vellore

Concluding Chapter



Peter's declaration of faith and keys of the kingdom

This series began seeking clarity on the concept of the kingdom of God that was given great emphasis in the three Synoptic Gospels, from the introductory announcement of John the Baptist and through detailed teachings of Jesus Himself. Kingdom of heaven is synonymous with kingdom of God. With 19 chapters behind us, this is the concluding one.

The main question raised for resolution was the temporal 'placement' of the kingdom of God – was it established during the incarnation ('first coming') or will it only be established at His second coming? A second question was about the equation of church and the kingdom of God.

The lack of importance/emphasis given to the concept and content of the kingdom of God during instructions and lessons, starting from childhood (home and Sunday School), through sermons, and writings in general Christian literature, seems to me, to be because of the common belief that the kingdom of God is to be established at the second coming. Many Bible Commentators seem to hold that view. But the Synoptic Gospels clearly state that Christ came to preach and establish the kingdom.

Chapter 7 of this serial ("Kingdom of God: Past, Present and Future") mentioned: "We need to ask a fundamental question: what is the present status of the kingdom of God? It is so very easy to falsely believe that the kingdom is yet to be established, to be established only with the second coming of Christ. Therefore we can live in the hope of the kingdom, to be established one day in future, but for us today the kingdom is to be kept on the backburner of our faith. It seems to me that it is escapist and denial; neither is good."

This serial unequivocally concludes that the **kingdom of God was the name that Jesus gave to the new "movement" that He proclaimed during His earthly mission.** That it will continue even after the end of the earthly epoch of humans, at and after the second coming of Christ, is promised, and is to be believed with hope and anticipation. That is eschatology.

Its present reality is to be perceived, experienced, expanded and expounded, as it is of paramount importance for the role of the church (as a religion) in the world, until the second coming. This is the sum and substance of *Christava dharma*.

The imminence of the kingdom of God was the essence of John the Baptist's mission – he was preparing its path, emphasising two themes: one, the essentiality of 'righteousness' in religion and two the 'arrival' of the Messiah. Serial 19 was centred on the Sermon on the Mount — early in the short earthly mission of Jesus – in which the concept of the kingdom of God was introduced to the twelve Apostles and to the public. Thereafter Jesus expounded on the framework of the kingdom of God through many parables, throughout His earthly sojourn.

After about three years, towards the close of His 'Messianic Mission', when Jesus and disciples were beyond Galilee, in Caesarea-Philippi, He asked the disciples: *"Who do men say that I, the Son of Man, am?"* They said:

"Some say John the Baptist, some Elijah and others Jeremiah or one of the prophets." Did Israelites have some vague concept of "re-birth"? He then asked them: *"Who do you say that I am?"* And Simon Peter answered and said: "You are the Christ, the Son of the living God."(Matthew 16: 13-16).

What Jesus then said is astounding. ***"Blessed are you, Simon Bar-Jonah, for flesh and blood has not revealed this to you, but my Father who is in heaven. And I also say to you that you are Peter, and on this rock I will build my church*** **[original word in Greek e*cclesia*]*, and the gates of Hades shall not prevail against it. And I will give you the keys of the kingdom of heaven, and whatever you bind on earth will be bound in heaven and whatever you loose on earth will be loosed in heaven."***

Ecclesia in Greek, meaning assembly (*'sabha'* in Malayalam and Tamil) was translated as church in English. Matthew put *ecclesia* (church) and kingdom of heaven together, showing their tight relationship. Is church the same as the kingdom of heaven? If so, why are there two names? But one thing is obvious: kingdom of heaven connects heaven and living humans (ecclesia or church) in a mysterious manner – a thought-provoking way to comprehend 'religion'. Thoughts so provoked, are my meditations.

Jesus had said that He was revealing the secrets of the kingdom to the disciples (Matthew 13: 11). To the religious leaders Jesus had said: *"You lock the doors of the kingdom of heaven in men's faces: you will not go in yourselves, neither will you allow those at the door to go in"* (Matthew 23: 13 NT in modern English). The church, knowing the mysteries of the kingdom of heaven, remains at risk of the same indictment, unless we show the way, the door, open it with keys that were bestowed upon Peter representing all of us, to God's kingdom that exists here and now, within us, among us.

In Mark's gospel this episode is slightly differently described, although the occasion was identical – there was no mention of the building of the church or giving of the 'keys of the kingdom' to Peter. Perhaps Peter wanted it that way – Peter was the main source of information for Mark, so scholars conclude.

